**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ - ത്വരിത പരിശോധന - തിരുവനന്തപുരം കോർപ്പറേഷന്റെ കടകംപള്ളി സോണൽ ഓഫീസിലെ റവന്യു ഇൻസ്പെക്ടറായിരുന്ന ശ്രീ. സി. മോഹനൻപിള്ള യ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് .പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.492/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.02.2017.

==================================================================

**പരാമർശം :**
1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.08.2012 തീയതിയിലെ ഇ1(SC12/12/TVM) 5894/2012 നമ്പർ കത്ത്.
2) 31.08.2013 തീയതിയിലെ 4968/ഇയു2/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) ശ്രീ. സി. മോഹനൻ പിള്ളയുടെ 20.12.2013 തീയതിയിലെ കുറ്റാരോപമെമ്മോയിന്മേലുള്ള മറുപടി.
4) നഗരകാര്യ ഡയറക്ടറുടെ 30.09.2016 തീയതിയിലെ വി1-15619/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യറോ 10.04.2012-ന് തിരുവനന്തപുരം കോർപ്പറേഷന്റെ കടകംപള്ളി സോണൽ ഓഫീസിൽ നടത്തിയ ത്വരിത പരിശോധനയിൽ ടി ഓഫീസിലെ റവന്യു ഇൻസ്പെക്ടറായിരുന്ന ശ്രീ.സി. മോഹനൻപിള്ള കെട്ടിടാനു മതിയ്ക്കായി നൽകിയ ഒരപേക്ഷയിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന്, പരാമർശം (1) ലെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ലഘുശിക്ഷാ നിയമപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോയും പത്രികയും നൽകുകയും ചെയ്തു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. മോഹനൻ പിള്ള സമർപ്പിച്ച പരാമർശം 3 പ്രകാരമുള്ള മറുപടിയിൽ, പരാതിയ്ക്ക് ആസ്പദമായ ഫയൽ താൻ കൈപ്പറ്റുകയോ, കൈവശം സൂക്ഷിക്കുകയോ ചെയ്തിട്ടില്ലായെന്നും, ടി ഫയൽ തീർപ്പാക്കുന്നതിൽ തന്റെ ഭാഗത്തുനിന്നും വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ലായെന്നും ആയതിനാൽ തുടർനടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. കുറ്റാരോപണ മെമ്മോയിന്മേലുള്ള ശ്രീ. മോഹനൻ പിള്ളയുടെ മറുപടിയിന്മേൽ നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 4 പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത് ടൗൺപ്ലാനിംഗ് വിഭാഗവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണ് എന്നും റവന്യൂ ഇൻസ്പെക്ടർ എന്ന നിലയിൽ ശ്രീ. മോഹനൻപിള്ളയ്ക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിൽ യാതൊരു ബന്ധവുമില്ലാത്തതാണ് എന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം മാത്രമേ ബന്ധപ്പെട്ട ഫയൽ കെട്ടിട നമ്പർ നൽകുന്നതിനായി ടിയാന്റെ കൈവശം ലഭിക്കുകയുള്ളൂ എന്നും അറിയിക്കുന്നു. കൂടാതെ പരാതിയ്ക്ക് ആസ്പദമായ ഫയൽ ശ്രീ. മോഹനൻ പിള്ള കൈപ്പറ്റുകയോ കൈവശം സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നതിനാൽ ടി വിഷയത്തിൽ തുടർനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്ന തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ച് ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ ഒഴിവാക്കുന്നതിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ സൂചന 4 പ്രകാരം റിപ്പോർട്ട് ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മോഹനൻ പിള്ള കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ മറുപടിയും നഗരകാര്യ ഡയറക്ടറുടെ പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടും പരിഗണിച്ച് തിരുവനന്തപുരം കോർപ്പറേഷന്റെ കടകംപള്ളി സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ. മോഹനൻപിള്ളയ്ക്കെതിരെ പരാമർശം 2 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. സി. മോഹനൻപിള്ള, റിട്ട. റവന്യൂ ഇൻസ്പെക്ടർ,
തിരുവനന്തപുരം കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**